പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-04)-യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-16)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2001-04)-യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള
## ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1324/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 31 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

# (2014-16)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2001-2004)-യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ഡിസംബർ 8-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-2004)-യുടെ ആറാമത് റിപ്പോർട്ട് 5-2-2004-ന് സഭയിൽ സമർപ്പിക്കുകയും, റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി പകർപ്പുകൾ 12-3-2004-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ട്രാക്കോ കേബിൾ കമ്പനി, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം, സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡ്, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ സ്ഥാപനങ്ങളിലെയും ശബരിമല സ്റ്റാംപീഡ് ട്രാജഡി അന്വേഷിച്ച ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ കമ്മീഷന്റെയും റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ ഉളവായ കാലതാമസം സംബന്ധിച്ചും കാലതാമസ പത്രികകളിലെ മറുപടി സംബന്ധിച്ചും റിപ്പോർട്ട് സമർപ്പണത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനാസ്ഥ സംബന്ധിച്ചുമുള്ള വിശദീകരണങ്ങൾ ആവശ്യപ്പെട്ടതിൽ സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുമായി ബന്ധപ്പെട്ടതൊഴികെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട വകുപ്പുകൾ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുകയും അവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ റിപ്പോർട്ടുകൾ സംബന്ധിച്ച് സമിതി നടത്തിയ നിരീക്ഷണങ്ങളിലും ശിപാർശകളിന്മേലും 11 വർഷം കഴിഞ്ഞിട്ടും നിരവധി ഓർമ്മക്കുറിപ്പുകൾ വകുപ്പുകൾക്ക് അയച്ചിട്ടും നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ബന്ധപ്പെട്ട വകുപ്പുകളുടെ അലംഭാവം സമിതിയോടുള്ള കടുത്ത അനാദരവാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഇക്കാര്യം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തി ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നും റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും സമിതി പ്രത്യാശിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളും രണ്ടാം ഭാഗത്ത് ഇനിയും മറുപടി ലഭിക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ മേൽവിവരിച്ച സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

1324/2015.

ഭാഗം I

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ശിപാർശ

**ട്രാക്കോ കേബിൾ കമ്പനി**

ട്രാക്കോ കേബിൾ കമ്പനിയുടെ ആറ് വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശിക യായിരുന്നു. കുടിശ്ശികയായിരുന്ന 1996-97, 1997-98, 1999-2000, 2000-01 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒരുമിച്ച് തെളിവെടുപ്പിന് തൊട്ടുമുൻപ് 10-10-2003-ൽ സമിതിക്ക് ലഭിച്ചു. ഈ സ്ഥാപനത്തിന്റെ 1996-97, 1997-98, 1999-2000, 2000-01 എന്നീ വർഷങ്ങളിലെ കണക്കുകളാണ് ഗവൺമെന്റിൽ നിന്നും ലഭിക്കാത്തതെന്ന സമിതിയുടെ പരാമർശത്തിന് അത് സെക്ഷനിൽ കാണാതായതാണെന്നും ഇപ്പോൾ കണ്ടുകിട്ടി ഡിലേ സ്റ്റേറ്റ്മെന്റിന് വേണ്ടി ബഹു. മന്ത്രിക്ക് നൽകിയിരിക്കുകയാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

യഥാസമയം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്നുള്ളത് മാൻഡേറ്ററി യായിരിക്കെ അതിനുവേണ്ടി ജാഗ്രത കാണിക്കാത്തത് ഗുരുതരമായ വീഴ്ചയായി സമിതി കാണുന്നു. തെളിവെടുപ്പിന് തൊട്ടുമുമ്പ് കുടിശ്ശിക റിപ്പോർട്ടുകൾ സഭയിൽ ഒരുമിച്ച് സമർപ്പിക്കുന്നതിലെ ഔചിത്യം സമിതിക്ക് മനസ്സിലാകുന്നില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

[ഖണ്ഡിക 2(iii)(iv)]

സ്വീകരിച്ച നടപടി

വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയ്ക്ക് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ട്രാക്കോ കേബിൾ കമ്പനിയുടെ 2001-02-ലെ വാർഷിക റിപ്പോർട്ട് 14-6-2005-ലെ 41563/എച്ച്1/03/വ്യവ. നമ്പർ ആമുഖ കത്തോടുകൂടിയും 2002-03-ലെ വാർഷിക റിപ്പോർട്ട് 10-6-2005-ലെ 27621/എച്ച്1/04/വ്യവ. നമ്പർ ആമുഖ കത്തോടുകൂടിയും നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

2. 2002-03-ലെ ബാലൻസ് ഷീറ്റ് അനുസരിച്ച് കമ്പനിയുടെ നെറ്റ് വർത്ത് നെഗറ്റീവ് ആവുകയും അതിനാൽ കമ്പനി പീഡിത വ്യവസായമെന്ന നിലയിൽ BIFR-ന്റെ കീഴിൽ വരാൻ വേണ്ടി റഫർ ചെയ്യപ്പെടുകയും ചെയ്തു. BIFR-ന്റെ പരിധിയിൽ നിന്നും പുറത്തുവരാനായി മൂലധന വർദ്ധനവ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ഗവൺമെന്റിന്റെ

പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. അതിൽ മൂലധന വർദ്ധനവ് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവായത് 19-10-2005-ൽ ആണ്. മേൽപ്പറഞ്ഞ ഗവൺമെന്റ് ഓർഡർ അനുസരിച്ച് മൂലധന വർദ്ധനവ് 2003-04 വർഷത്തെ കണക്കുകളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതിനാൽ പ്രസ്തുത വർഷത്തെ ഓഡിറ്റിൽ കാലതാമസം വന്നു. കമ്പനിയുടെ 28-10-2005-ൽ കൂടിയ ബോർഡ് പ്രസ്തുത കണക്കുകൾ അംഗീകരിക്കുകയും statutory auditors അവരുടെ റിപ്പോർട്ട് 16-11-2005-ൽ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്കുകൾ Accountant General-ന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. അവരുടെ Comments ലഭിച്ചതിനുശേഷം വാർഷിക റിപ്പോർട്ട് പ്രിന്റ് ചെയ്തിട്ട് 25 ദിവസത്തെ നോട്ടീസ് നൽകി വാർഷിക പൊതുയോഗം കൂടിയിട്ടുവേണം കണക്കുകൾ അന്തിമമായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ. ഇത്രയും കാര്യങ്ങൾ പൂർത്തിയാക്കാൻ ഏകദേശം 3-4 മാസങ്ങൾ കൂടി ആവശ്യമുണ്ട്.

3. 2004-05-ലെ കണക്കുകൾ കമ്പനി പൂർത്തിയാക്കി കഴിഞ്ഞു. statutory auditors, audit-ഉം ആരംഭിച്ചിട്ടുണ്ട്. എന്നിരുന്നാലും മുൻവർഷത്തെ (2003-04) കണക്കുകൾ വാർഷിക പൊതുയോഗം അംഗീകരിച്ചതിനുശേഷമേ 2004-05-ലെ കണക്കുകളെ സംബന്ധിച്ച റിപ്പോർട്ട് statutory auditor-ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

ശിപാർശ

## കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ 9 വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയുണ്ട്. ഈ സ്ഥാപനത്തിന്റെ 1993-94 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളൂ. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ അലംഭാവം കാണിക്കുന്ന ഒരു കമ്പനിയാണിതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. റിപ്പോർട്ടുകൾ പരിശോധിച്ചാൽ ധാരാളം ഡിലേ ഉള്ളതായി കാണാൻ സാധിക്കുമെന്നും ഡിലേക്ക് കാരണക്കാരായവരുടെ പേരിൽ നടപടിയെടുക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ടായിരിക്കെ ഇതുവരെ ഒരു നടപടിയും എടുത്തതായി കാണുന്നില്ലെന്നും എന്ത് ചെയ്താലും ചോദ്യം ചെയ്യാൻ ആളില്ലെന്ന സ്ഥിതിയിലാണ് കാര്യങ്ങൾ പോകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.

മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും അനാഥമാകുന്നതിന് പ്രധാന കാരണം ഇത്തരം അനാസ്ഥയും കാലതാമസവുമാണെന്നും ഇതിൽ ഏറ്റവും മോശമായി അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തിരിക്കുന്നത് ഈ കമ്പനിയാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റിംഗിലും മറ്റും ഡിലേ വന്നാൽ കമ്പനീസ് ആക്റ്റിലെ സെക്ഷൻ 209(5) അനുസരിച്ച് കമ്പനി മേധാവികൾക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ടെന്ന് സമിതി സൂചിപ്പിച്ചു. കുടിശ്ശികയുള്ള മുഴുവൻ റിപ്പോർട്ടുകളും താമസംവിനാ സഭയിൽ സമർപ്പിക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(v)(vi)]

<u>സ്വീകരിച്ച നടപടി</u>

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ 1994-95 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ പകർപ്പുകൾ 13-4-2004-ൽ നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. 1995-96-ലെ കണക്കുകൾ 26-6-2004-ലെ ബോർഡ് മീറ്റിംഗിൽ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 1996-97-ലെ ഓഡിറ്റ് പൂർത്തിയായി വരുന്നു. 2003-04 വരെയുള്ള കണക്കുകളുടെ ഇന്റേണൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണ്.

3-11-1998-ൽ കമ്പനിയുടെ ഫയലുകൾ, വൗച്ചറുകൾ, കണക്കുബുക്കുകൾ മുതലായവ ഓഡിറ്റിന് വിധേയമാക്കേണ്ട പ്രധാന രേഖകൾ ഓഡിറ്റ് നടന്നുകൊണ്ടിരിക്കെ വിജിലൻസ് ഡിപ്പാർട്ട്മെന്റ് എടുത്തു കൊണ്ടു പോകുകയും ആയത് 11-1-2001-ൽ മാത്രം തിരികെ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. അക്കാരണത്താൽ 1992-93 വർഷം മുതലുള്ള കണക്കുകൾ പൂർത്തിയാക്കുന്നതിന് താമസവും തടസ്സവും നേരിട്ടിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിമൂലം കമ്പനിയിൽ ഇപ്പോൾ സാധാരണ നിലയിലുള്ള പ്രവർത്തനം നടക്കുന്നില്ല. ഒൻപത് മാസമായി ജീവനക്കാരുടെ ശമ്പളം കുടിശ്ശിക യായിരിക്കുകയാണ്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കമ്പനിയുടെ ഭരണം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന് കൈമാറാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. എല്ലാ ബോർഡ് മീറ്റിംഗുകളിലും കണക്കുകൾ തയ്യാറാക്കുന്നതും ഓഡിറ്റ് പുരോഗമിക്കുന്നതും പ്രത്യേകമായി അവലോകനം ചെയ്യപ്പെടുകയും കാലതാമസം ഉണ്ടാവാതെ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>ശിപാർശ</u>

**കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 1999-2000-ത്തിലെ വാർഷിക റിപ്പോർട്ട് 1/2002-ൽ സഭയിൽ സമർപ്പിക്കാമെന്ന് കോർപ്പറേഷൻ എം.ഡി. സമിതിക്ക് ഉറപ്പു നൽകിയതാണ്. എന്നാൽ, റിപ്പോർട്ട് പൊതുയോഗം അംഗീകരിച്ചത് 4-1-2002-ലും ബോർഡ് അംഗീകരിച്ചത് 25-3-2002-ലും സഭയിൽ സമർപ്പിക്കുവാനായി ലഭിച്ചത് 31-3-2003-ലുമാണ്. ബോർഡും പൊതുയോഗവും അംഗീകരിക്കുന്നതിന് മുൻപുള്ള തീയതിയിൽ അതായത് 1/2002-ൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കാമെന്ന് സമിതിയെ അറിയിച്ചത് സമിതിയെ കബളിപ്പിക്കുന്നതിനുവേണ്ടിയാണെന്ന് സമിതി അഭിപ്രായ പ്പെടുന്നു. റിപ്പോർട്ട് പൂർത്തീകരണത്തെക്കുറിച്ച് ഒരു ധാരണയില്ലാതെയും റിപ്പോർട്ട് യഥാസമയം സമർപ്പിക്കുന്നതിൽ ശുഷ്കാന്തി കാണിക്കാതെയും സമിതിക്ക് മറുപടി

നൽകുന്നതിന്റെ ഗൗരവം ഉൾക്കൊള്ളാതെയും, അനവധാനതയോടെ ഇത്തരം മറുപടി നൽകുന്നതിൽ സമിതി കടുത്ത പ്രതിഷേധം രേഖപ്പെടുത്തുന്നു. ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണമെന്നും ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(vii)]

<u>സ്വീകരിച്ച നടപടി</u>

കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ (1999-2000)-ലെ വാർഷിക റിപ്പോർട്ട് വാഗ്ദാനം ചെയ്ത 1/2002-ൽ സമർപ്പിക്കാതെ വളരെ വൈകി 31-3-2003-ൽ നിയമസഭയ്ക്ക് നൽകിയതിനെ തുടർന്ന് ഇക്കാര്യം സമിതി ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിൻപ്രകാരം സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മേലിൽ അവധാനതയോടുകൂടി റിപ്പോർട്ടുകൾ അയയ്ക്കുമെന്നും വാർഷിക റിപ്പോർട്ട് നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ നൽകണമെന്നുള്ള നിർദ്ദേശം കോർപ്പറേഷന് നൽകുകയുണ്ടായി. റിപ്പോർട്ട് സമർപ്പണത്തിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം 5-7-2004-ലെ 25710/ഇ 1/03 നമ്പർ സർക്കാർ കത്ത് മുഖേന സമിതിക്ക് നൽകിയിട്ടുണ്ട്.

2001-02 വരെയുള്ള റിപ്പോർട്ടുകൾ ഇതിനോടകം സമിതിക്ക് നൽകി കഴിഞ്ഞു.

<u>ശിപാർശ</u>

**ശബരിമലയിലെ സ്റ്റാംപീഡ് ട്രാജഡി**

ശബരിമലയിലെ സ്റ്റാംപീഡ് ട്രാജഡിയെപ്പറ്റി അന്വേഷിക്കുന്ന ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ കാലതാമസം നേരിട്ടതിന് കാരണമായി 'അഡ്മിനിസ്ട്രേറ്റീവ് റീസൺ' എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വളരെ ചെലവേറിയ <u>അന്വേഷണ കമ്മീഷനെ വച്ച്, റിപ്പോർട്ട് ലഭ്യമാക്കിയിട്ടും അത് നിയമസഭയ്ക്ക് അയയ്ക്കുന്നതിൽ ആറുമാസത്തെ താമസം വരാൻ പാടില്ലായിരുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.</u>

[ഖണ്ഡിക 2(viii)]

<u>സ്വീകരിച്ച നടപടി</u>

14-1-1999-ന് ശബരിമലയിൽ ഉണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 24-3-1999 തീയതിയിലെ 9125/എസ്.എസ്.എ 2/99/ആഭ്യന്തരം നമ്പർ വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 199) പ്രകാരം കേരള ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജി ശ്രീ. ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോനെ അന്വേഷണ കമ്മീഷനായി സർക്കാർ നിയമിക്കുകയുണ്ടായി.

7-6-2000-ന് കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. ഈ റിപ്പോർട്ട് 28-3-2001-ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും വിശദമായ പരിശോധനയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു. തുടർന്ന് 26-9-2001-ൽ റിപ്പോർട്ട് മന്ത്രിസഭായോഗം പരിഗണിക്കുകയും വിശദമായ പരിശോധനയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു. അതിനുശേഷം 17-10-2001-ൽ റിപ്പോർട്ട് മന്ത്രിസഭായോഗം പരിഗണിക്കുകയും കമ്മീഷൻ ശിപാർശകൾ ദേവസ്വം വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കുശേഷം വീണ്ടും മന്ത്രിസഭ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനെ തുടർന്ന് ദേവസ്വം വകുപ്പ് കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കുകയും നടപ്പിലാക്കാൻ സാധിക്കുന്ന ശിപാർശകൾ എല്ലാം നടപ്പിലാക്കുകയും ചെയ്തു. തുടർന്ന് 11-9-2002-ൽ ചേർന്ന മന്ത്രിസഭായോഗം റിപ്പോർട്ട് അംഗീകരിക്കുകയും നടപടി രേഖ സഹിതം നിയമസഭയിൽ വയ്ക്കുന്നതിനായി 8-11-2002-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനാണ് സമയം വേണ്ടി വന്നത്. കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് ക്രമാതീതമായ കാലതാമസം ഉണ്ടായിട്ടില്ല എന്ന കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താത്പര്യപ്പെടുന്നു.

## ശിപാർശ

## വനിതാ കമ്മീഷൻ

വനിതാ കമ്മീഷന്റെ സന്ദർശന റിപ്പോർട്ടുകളോടൊപ്പം ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിക്കവെ ആവശ്യമായ പകർപ്പുകൾ ലഭിക്കാത്തതുകൊണ്ടാണ് കാലതാമസം വന്നതെന്ന് സമിതി കണ്ടെത്തി.

വനിതാ കമ്മീഷൻ ആക്റ്റ് 16(2) സബ് സെക്ഷൻ (1) പ്രകാരം വനിതാ കമ്മീഷൻ ശിപാർശകൾ ഗവൺമെന്റിൽ ലഭിച്ചുകഴിഞ്ഞാൽ ആദ്യ സമ്മേളനത്തിൽ തന്നെ സഭയിൽ സമർപ്പിക്കേണ്ടതും അത് കഴിഞ്ഞ് 2 മാസത്തിനകം ശിപാർശയിൻമേൽ നടപടിയെടുക്കേണ്ടതുണ്ടെന്നും വ്യവസ്ഥ നിലവിലിരിക്കെ ആവശ്യമായ കോപ്പി ഇല്ലെന്ന കാരണത്താൽ ഇത്രയധികം ഡിലേ വരുത്തിയത് ഗുരുതരമായ വീഴ്ചയായി സമിതി കാണുന്നു.

ശിപാർശ ഗവൺമെന്റിൽ ലഭിച്ചുകഴിഞ്ഞാൽ അവ യഥാസമയം സഭയിൽ സമർപ്പിക്കേണ്ടതും മേൽനടപടി എടുക്കേണ്ടതും ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ശിപാർശയുടെ കോപ്പിയെടുക്കാൻ സെക്രട്ടേറിയറ്റിൽ തന്നെ ആധുനിക സൗകര്യങ്ങൾ കൂടുതലുള്ളപ്പോൾ വനിതാ കമ്മീഷനിൽ നിന്നും കോപ്പി ആവശ്യപ്പെട്ട് ഇത്രയധികം ഡിലേ വരുത്തിയത് ഉചിതമായില്ലെന്നും ഇത്തരം കാലതാമസം ഉണ്ടാകാൻ പാടില്ലെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(ix)(x)(xi)]

<u>സ്വീകരിച്ച നടപടി</u>

കേരള വനിതാ കമ്മീഷൻ സമർപ്പിക്കുന്ന ശിപാർശകളുടെ 150 ആധാരിക പകർപ്പുകൾ (വനിതാ കമ്മീഷൻ സെക്രട്ടറിയുടെ കൈയൊപ്പും മുദ്രയും കൂടിയത്) ആണ് സഭ മുൻപാകെ സമർപ്പിക്കുവാൻ അയച്ചു തരുന്നത്. ആയതിനാൽ മേലിൽ കേരള വനിതാ കമ്മീഷൻ 16(2) സബ് സെക്ഷൻ പ്രകാരം ശിപാർശകൾ ഗവൺമെന്റിന് സമർപ്പിക്കുമ്പോൾ അതിനോടൊപ്പം 160 ആധാരിക പകർപ്പുകൾ കൂടി നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ വേണ്ടി ലഭ്യമാക്കുവാൻ വനിതാ കമ്മീഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. കാലതാമസം ഉണ്ടാവുകയാണെങ്കിൽ ഇത് സംബന്ധിച്ച സ്റ്റേറ്റ്മെന്റും കൂടി ലഭ്യമാക്കുവാൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. വനിതാ കമ്മീഷൻ ശിപാർശകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് കാലതാമസം വരുത്തുന്നതിനെ നിയമസഭാ സമിതി അപലപിച്ചിട്ടുള്ള കാര്യവും ടിയാന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

<u>ശിപാർശ</u>

**പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ**

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1994-95 വരെയുള്ള റിപ്പോർട്ട് മാത്രമാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 2001-02 വരെ അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തു ഈ സ്ഥാപനം പട്ടികജാതി/പട്ടികവർഗ്ഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതാണ്. എന്നാൽ, യഥാസമയം കണക്കുകൾ സഭയിൽ സമർപ്പിക്കാത്തത് അക്ഷന്തവ്യമായ അനാസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം വീക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മനഃപൂർവ്വമായ കാലതാമസം ഇക്കാര്യത്തിലുണ്ടോ എന്ന് ഗവൺമെന്റ് അന്വേഷിക്കേണ്ടതാണ്.

[ഖണ്ഡിക 2(xii)]

## സ്വീകരിച്ച നടപടി

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ 1995-96 വരെയുള്ള അക്കൗണ്ട്സാണ് ഫൈനലൈസ് ചെയ്തത്. അതിനുശേഷം ഫൈനലൈസ് ചെയ്ത അക്കൗണ്ട്സുകളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

| വർഷം | വാർഷിക പൊതുയോഗം (മാറ്റിവച്ചത്) കണക്കുകൾ അംഗീകരിച്ച തീയതി |
|---|---|
| 1996-97 | 27-3-2004 |
| 1997-98 | 25-9-2004 |
| 1998-99 | 30-12-2004 |
| 1999-2000 | 19-3-2005 |

1998-99 വരെയുള്ള റിപ്പോർട്ടുകൾ നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

സമിതിയുടെ ശിപാർശ സർക്കാർ ഗൗരവപൂർവ്വമാണ് വീക്ഷിക്കുന്നത്. അതിന്റെ ഭാഗമായി കോർപ്പറേഷന്റെ മുഖ്യ കാര്യാലയത്തിലെ ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞു :

കോർപ്പറേഷന്റെ ആരംഭകാലമായ 1972-73 മുതൽ 1978-79 വരെയുള്ള കാലഘട്ടത്തിൽ വാർഷിക കണക്കുകൾ യഥാസമയം ഫൈനലൈസ് ചെയ്തിട്ടുണ്ട്. അതിനുശേഷം വാർഷിക കണക്കുകൾ ഫൈനലൈസ് ചെയ്യുന്ന കാര്യത്തിൽ കോർപ്പറേഷന്റെ ഭരണം നിയന്ത്രിച്ചവർ ശ്രദ്ധാന്തി കാണിക്കാത്തതിനാൽ 1979-ലെ കണക്കുകൾ 1/1983-ലാണ് ഫൈനലൈസ് ചെയ്തത്. അതിനുശേഷം 1980-81-ലെ കണക്കുകൾ 7/1985-ലാണ് ഫൈനലൈസ് ചെയ്തത്. 1981-82-ലെ അക്കൗണ്ട്സ് 30-1-1986-ന് ഫൈനലൈസ് ചെയ്തതിനുശേഷം 1982-83-ലെ അക്കൗണ്ട്സ് ഫൈനലൈസ് ചെയ്യാൻ 2 ½ വർഷവും 1983-84-ലെ കണക്കുകൾ ഫൈനലൈസ് ചെയ്യുവാൻ 1 ½ വർഷവും വേണ്ടിവന്നു. 1984-85-ലെ കണക്കുകൾ 4/1992-ലും 1985-86-ലേത് 9/1993-ലും ഫൈനലൈസ് ചെയ്തു. 1988-89, 1989-90, 1990-91 എന്നീ വർഷങ്ങളിലെ അക്കൗണ്ട്സുകൾ 1998-ൽ ഫൈനലൈസ് ചെയ്തു. 1998-ന് കോർപ്പറേഷൻ മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചെങ്കിലും 1999-ൽ ഒരു വർഷത്തെ കണക്കുകൾ പോലും ഫൈനലൈസ്

ചെയ്യുവാൻ കഴിഞ്ഞില്ല. 1991-92-ലെ കണക്കുകൾ 4/2000-ലും, 1992-93-ലേത് 2/2001-ലും 1993-94-ലേത് 8/2002-ലുമാണ് ഫൈനലൈസ് ചെയ്തത്. 1994-95, 1995-96 എന്നീ വർഷങ്ങളിലെ അക്കൗണ്ട്സുകൾ 2003-ൽ ഫൈനലൈസ് ചെയ്തു. 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലെ അക്കൗണ്ട്സുകൾ 2004-ൽ ഫൈനലൈസ് ചെയ്തിട്ടുണ്ട്. 1999-2000-ലെ അക്കൗണ്ട്സ് 18-3-2005-ൽ കൂടിയ 27-ാമത് വാർഷിക പൊതുയോഗ(നീട്ടിവച്ചത്)ത്തിൽ ഫൈനലൈസ് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും കണക്കുകളും താമസംവിനാ നിയമസഭയ്ക്ക് സമർപ്പിക്കുന്നതാണ്.

കോർപ്പറേഷന്റെ കണക്കുകൾ യഥാസമയം പൂർത്തിയാക്കുന്നതിന് തടസ്സമായി മറ്റ് പല കാരണങ്ങളുമുണ്ട് :

(1) താൽക്കാലിക ജീവനക്കാരായി കോർപ്പറേഷന്റെ സർവ്വീസിൽ പ്രവേശിക്കുകയും തുടർന്ന് സ്ഥിരപ്പെടുത്തിയവരുമായ ജീവനക്കാരാണ് കോർപ്പറേഷന്റെ സൂപ്പർവൈസറി തസ്തികകളിൽ മിക്കതിലും ജോലി ചെയ്യുന്നത്. കാലാകാലങ്ങളിൽ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകാത്തതിനാൽ ഒരു ധനകാര്യ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ പ്രാപ്തി നാളിതുവരെ ആർജ്ജിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കാലാകാലങ്ങളിൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വളരെ ഗുരുതരമായ വീഴ്ച കോർപ്പറേഷൻ ഭരണാധികാരികളിൽ നിന്നുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ പ്രാപ്തിക്കുറവും ഒരളവോളം കോർപ്പറേഷന്റെ കണക്കുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(2) കൂടാതെ പല പുതിയ പദ്ധതികളും നടപ്പാക്കിയതിനാൽ അക്കൗണ്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ഗുണഭോക്താക്കൾ, അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് യഥാസമയം വായ്പതിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതിനാൽ വളരെയധികം മനുഷ്യാദ്ധ്വാനം ലോൺതുക പിരിച്ചെടുക്കുന്നതിന് വിനിയോഗിക്കേണ്ടിവരുന്നു. സ്ഥാപനത്തിൽ വളരെയധികം ജോലിഭാരം വർദ്ധിച്ചെങ്കിലും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. മാത്രവുമല്ല, അനുവദിക്കപ്പെട്ട 96 അസിസ്റ്റന്റുമാരിൽ ഇപ്പോഴും 33 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതും യഥാസമയം കോർപ്പറേഷനിലെ കണക്കുകൾ തീർപ്പാക്കുന്നതിന് തടസ്സമാവുന്നുണ്ട്.

ഇതിനെല്ലാം പുറമെ, കോർപ്പറേഷനിലെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും ഫൈനലൈസ് ചെയ്യുന്ന കാര്യത്തിൽ ചില കാലയളവുകളെ ഒഴിവാക്കിയാൽ പൊതുവെ കാര്യമായ ശ്രദ്ധ ഇക്കാര്യത്തിൽ കോർപ്പറേഷന്റെ ഭരണാധികാരികളിൽനിന്നും ഉണ്ടായിട്ടില്ല എന്ന് കാണാം. എന്നാൽ ചില കാലയളവുകളിൽ വളരെ കാര്യക്ഷമമായ

പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ അന്നത്തെ ഭരണാധികാരികൾ നടത്തിയിരുന്നതായും കാണുന്നു. കൂടാതെ, 1988-89 മുതൽ 1990-91 വരെയുള്ള വർഷങ്ങളിലേക്കും നിയമിച്ച സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് പരിശോധന ഏറ്റെടുക്കാതെ വന്നതിനാൽ പകരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെ നിയമിച്ച് കിട്ടുന്നതിന് കാലതാമസം നേരിട്ടത് ഒരളവോളം കോർപ്പറേഷന്റെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും പൂർത്തീകരിക്കുന്നതിന് തടസ്സമാകുകയും കുടിശ്ശികകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, കുടിശ്ശികയായിട്ടുള്ള വാർഷിക കണക്കുകൾ ഫൈനലൈസ് ചെയ്യുന്നതിന് 2000-ാമാണ്ടുമുതൽ കോർപ്പറേഷന്റെ ഭരണാധികാരികൾ വളരെയേറെ പ്രയത്നിച്ചതിന്റെ ഫലമായി 2003-ൽ 2 വർഷത്തെയും 2004-ൽ 3 വർഷത്തെയും അക്കൗണ്ട്സുകൾ ഫൈനലൈസ് ചെയ്തിട്ടുണ്ട്. 2005-ൽ നാളിതുവരെ 1 വർഷത്തെ അക്കൗണ്ട്സും പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വാർഷിക അക്കൗണ്ടുകൾ ഈ വർഷംതന്നെ പൂർത്തീകരിച്ച് കുടിശ്ശികയില്ലാതാക്കാൻ വേണ്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനം കോർപ്പറേഷനിൽ നടന്നുവരികയാണ്.

മുകളിൽ പരാമർശിച്ച കാരണങ്ങളാലാണ് കോർപ്പറേഷന്റെ 11 വർഷത്തെ വാർഷിക കണക്കുകൾ കുടിശ്ശികയായത്. ഈ കുടിശ്ശിക ഇപ്പോൾ നാലുവർഷത്തേതായി കുറഞ്ഞിട്ടുണ്ട്.

<u>ശിപാർശ</u>

**വികലാംഗക്ഷേമ കോർപ്പറേഷൻ**

വികലാംഗക്ഷേമ കോർപ്പറേഷന്റെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി 1991-92 വരെയുള്ള റിപ്പോർട്ടുകളാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 11 വർഷത്തോളം കുടിശ്ശികയാണ്. റിപ്പോർട്ട് കുടിശ്ശിക തീർത്ത് നൽകാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(xiii)]

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ട് സമയബന്ധിതമായി പൂർത്തിയാക്കുവാനും മുന്തിയ പരിഗണന നൽകി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാനും ഭാവിയിൽ ഇത്തരം കാലതാമസം ഉണ്ടാകാതിരിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാനും വികലാംഗക്ഷേമ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് 9-5-2008-ലെ 4552/എ 3/06/സാക്ഷേവ. നമ്പർ കത്ത് മുഖാന്തിരവും നേരിട്ടും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ 1995-96-ലെ വാർഷിക റിപ്പോർട്ട് 30-4-2008-ൽ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 1996-97-ലെ വാർഷിക റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. താമസംവിനാ നിയമസഭയ്ക്ക് സമർപ്പിക്കുന്നതാണ്.

## ശിപാർശ

### റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ

ബി.പി.ഇ. റിവ്യൂ റിപ്പോർട്ട് പ്രകാരം മരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഓഡിറ്റ് അപ്-ടു-ഡേറ്റ് ആണെങ്കിലും നാളിതുവരെ നിയമസഭയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇക്കാര്യം വകുപ്പ് സെക്രട്ടറി അന്വേഷിക്കണമെന്നും റിപ്പോർട്ട് സഭയിൽ സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(xiv)]

## സ്വീകരിച്ച നടപടി

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കണക്കുകൾ 2011-12 വരെ പൂർത്തിയാക്കി വാർഷിക പൊതുയോഗം അംഗീകരിച്ച് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതാണ്. 2012-13-ലെ കണക്കുകൾ ഓഡിറ്റ് കഴിഞ്ഞ് പൊതുയോഗം അംഗീകരിച്ചിട്ടുണ്ട്. ആയത് ഉടൻ തന്നെ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി സമർപ്പിക്കുന്നതാണ്. കൂടാതെ, 2012-13 കാലയളവിന് ശേഷമുള്ള കണക്കുകൾ വാർഷിക പൊതുയോഗം കൂടി അംഗീകാരം വാങ്ങി എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതിന് RBDCK-യുടെ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ

ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചുകൊണ്ടിരുന്നതും ഇപ്പോൾ സമർപ്പിക്കാതിരിക്കുന്നതുമായ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ 2002 ജൂലൈ 30-ാം തീയതി സമർപ്പിച്ച ഈ സമിതിയുടെ ഒന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും കുടിശ്ശിക റിപ്പോർട്ടുകളൊന്നും ഇതുവരെയും സമർപ്പിക്കപ്പെട്ടിട്ടില്ല :

1. ഗുരുവായൂർ ദേവസ്വം (ഭരണ റിപ്പോർട്ട്) : 1994-ന് ശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

2. കൂടൽമാണിക്യം ദേവസ്വം (ഭരണ റിപ്പോർട്ട്) : 1991-ന് ശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

3. സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡ് : 1994-ന് ശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

4. കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് : 1995-96-ന് ശേഷമുള്ള റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടില്ല.

റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യക്തമായ വ്യവസ്ഥകൾ ഉണ്ടെങ്കിലും മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കുറ്റകരമായ അലംഭാവം കാണിക്കുന്നുണ്ടെന്ന് സമിതിക്ക് ബോധ്യമായി. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും എത്രയും പെട്ടെന്ന് റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 3(3) (4)]

<u>സ്വീകരിച്ച നടപടി</u>

**സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡ്**

1994-നു ശേഷം നിലവിൽ വന്ന സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതികളിൽ 2006-ൽ പുനഃസംഘടിപ്പിക്കപ്പെട്ട ഒന്നൊഴിച്ച് മറ്റൊരു സമിതിയും കാലാവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ കഴിയാതിരുന്നത്. 2006-ൽ രൂപീകരിച്ച വിദ്യാഭ്യാസ ഉപദേശക സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം സഹിതം ഉപദേശക സമിതി റിപ്പോർട്ട് താമസംവിനാ നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

**കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്**

സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിലെ 2000-01, 2001-02, വർഷങ്ങളിലെ ഓഡിറ്റും യഥാക്രമം 22-1-2007, 3-4-2007 എന്നീ തീയതികളിൽ പൂർത്തീകരിച്ചുവെന്നും 2001-02 വർഷത്തെ വാർഷിക റിപ്പോർട്ട് സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിൽ 2005-നു മുമ്പുവന്ന കുടിശ്ശിക നിമിത്തമാണ് കാലതാമസമുണ്ടായതെന്നും 2004-05 വർഷത്തിൽ 1997-98 വരെയുള്ള വാർഷിക കണക്കുകൾ മാത്രമാണ് ഓഡിറ്റ് ചെയ്ത് പൂർത്തിയാക്കിയിരുന്നതെന്നും എന്നാൽ തുടർന്നുള്ള വർഷങ്ങളിലെ (1998-99 മുതൽ 2001-02 വരെ) കണക്കുകൾ പരിശോധിക്കുന്നതിന് ഓഡിറ്റേഴ്സിനെ 2005 ജൂണിലാണ് നിയമിച്ചതെന്നും 1998-99 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് 17-7-2006-ലും 2001-02 വർഷത്തെ

ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് 3-4-2007-ലുമാണ് ലഭിച്ചതെന്നും ടി റിപ്പോർട്ടുകൾക്ക് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭിക്കുന്നതിനും തുടർന്ന് അച്ചടിച്ച് ലഭിക്കുന്നതിനും കുറച്ചു കാലതാമസം ഉണ്ടായിട്ടുണ്ടെന്നും മലിനീകരണനിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

2002-03, 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുന്നതിന് ഓഡിറ്റേഴ്സിനെ 2006 മേയ് മാസത്തിലാണ് നിയമിച്ചതെന്നും എന്നാൽ 2001-2002 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചത് 2007 മാർച്ച് മാസത്തിലാകയാൽ അതിനുശേഷം 2007 ജൂൺ മാസമേ 2002-03-ലെ ഓഡിറ്റ് ആരംഭിക്കാൻ സാധിച്ചിട്ടുള്ളുവെന്നും, ഇപ്പോൾ 2002-03 വർഷത്തെ ഓഡിറ്റ് പൂർത്തിയായിക്കൊണ്ടിരിക്കുന്നുവെന്നും 2003-04 വർഷത്തെ ഓഡിറ്റ് ഉടനെ തന്നെ പൂർത്തിയാക്കണമെന്ന് ഓഡിറ്റേഴ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ ഓഡിറ്റേഴ്സിൽ നിന്നും ലഭിച്ചാലുടൻ കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണെന്നും മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പൊതുശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

### ശിപാർശ

4. (i) പൊതുമേഖലാ സ്ഥാപനങ്ങൾ കമ്പനി ആക്റ്റ് കൃത്യമായി ഉറപ്പുവരുത്താൻ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. 1956-ലെ കമ്പനീസ് ആക്റ്റിലെ സെക്ഷൻ 209(5) പ്രകാരം കണക്കുകൾ യഥാസമയം പൂർത്തിയാക്കാത്ത കമ്പനി മേധാവികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഈ ചട്ടമനുസരിച്ച് ഏതെങ്കിലുമൊരു കമ്പനി മേധാവി ശിക്ഷിക്കപ്പെട്ടതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആകയാൽ നിലവിലുള്ള ചട്ടങ്ങൾ നടപ്പിലാക്കാൻ ഓരോ സ്ഥാപനത്തോടും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ തയ്യാറായാൽ തന്നെ കമ്പനി മേധാവികൾ വച്ചുപുലർത്തുന്ന അനാസ്ഥയ്ക്കും ഉദാസീനമായ പ്രവർത്തന രീതിക്കും മാറ്റം വരുമെന്നും കണക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് നിശ്ചിത സമയപരിധിക്കകം സഭയ്ക്ക് സമർപ്പിക്കാൻ കഴിയുമെന്നും സമിതി വിലയിരുത്തുന്നു.

(ii) പല സ്ഥാപനങ്ങളുടെയും ഓഡിറ്റ് റിപ്പോർട്ട് കമന്റ്സിനുവേണ്ടി എ.ജി.ക്ക് അയച്ചതിനുശേഷം മാത്രമാണ് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നത്. ഇതുമൂലം ധനകാര്യ വകുപ്പിൽനിന്നും കമന്റ്സ് ലഭിക്കാൻ കാലതാമസം വരുന്നതായി സമിതി കണ്ടെത്തി. ഇത് ഒഴിവാക്കാനായി ഓഡിറ്റ് റിപ്പോർട്ട് എ.ജി.ക്ക് അയയ്ക്കുമ്പോൾത്തന്നെ അതിന്റെ ഒരു പകർപ്പ് ധനകാര്യ വകുപ്പിലേക്കും അയയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(iii) ചീഫ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ തുടങ്ങിയ തസ്തികകൾ ഒഴിവായിരുന്നതുകൊണ്ട് ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന മറുപടിയും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ തസ്തികകൾ ഒഴിഞ്ഞുകിടന്നാൽ അധികാരങ്ങൾ ആർക്കെങ്കിലും ഡെലിഗേറ്റ് ചെയ്ത് കൊടുക്കേണ്ടതാണ്. ആയതിനാൽ ഇത്തരത്തിലൊരു മറുപടി സ്വീകാര്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

(iv) ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നിന്നും സമിതിക്ക് ബോധ്യമായ പ്രധാനപ്പെട്ട വസ്തുത, പല ഡിലേ സ്റ്റേറ്റ്മെന്റുകളിലും ആവശ്യമായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്നതാണ്. ഇതുമൂലം യഥാർത്ഥത്തിൽ എവിടെയാണ് ഡിലേ വന്നത് എന്ന് വ്യക്തമാകുകയില്ല. ഇക്കാര്യം പരിശോധിച്ച സമിതി പല യോഗങ്ങളിലും അസന്തുഷ്ടി രേഖപ്പെടുത്തുകയും, ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരെ ഇക്കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഡിലേ സ്റ്റേറ്റ്മെന്റുകൾ നൽകുമ്പോൾ എന്നാണ് അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തത്, ഓഡിറ്റേഴ്സിനെ നിയമിച്ചത്, ഓഡിറ്റ് പൂർത്തികരിച്ചത്, എ.ജി.യുടെ കമന്റ്സ് ലഭിച്ചത്, ധനകാര്യ വകുപ്പിന്റെ കമന്റ്സ് ലഭിച്ചത്, പ്രിന്റ് ചെയ്യാൻ കൊടുത്തത്, തിരികെ ലഭിച്ചത്, ഗവൺമെന്റിന് നൽകിയത്, സഭയിൽ സമർപ്പിക്കുവാനായി അയച്ചത്, എവിടെയാണ് കാലതാമസമുണ്ടായത്, എന്തുകൊണ്ട് എന്നീ വിശദാംശങ്ങൾ തീയതി സഹിതം ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(v) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നവർ ഇടയ്ക്കിടെ ഫീസ് വർദ്ധനവ് ആവശ്യപ്പെടുന്നതുമൂലം പല സ്ഥാപനങ്ങളുടെയും ഓഡിറ്റ് വൈകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമിതി ഇക്കാര്യം ഗൗരവമായി കാണുകയും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓഡിറ്റ് ചെയ്യുന്നതിന് മിനിമം മൂന്ന് വർഷത്തേക്കെങ്കിലും കാലോചിതവും ന്യായവുമായ ഒരു ഫീസ് നിശ്ചയിക്കുന്നതിന് ഗവൺമെന്റ് നയപരമായ ഒരു തീരുമാനം എടുക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

(vi) പല ഡിലേ സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസത്തിനുള്ള കാരണം അഡ്മിനിസ്ട്രേറ്റീവ് റീസൺ എന്നാണ് പറഞ്ഞിരിക്കുന്നത്. സമിതി പലപ്രാവശ്യം നേരിട്ടും, ചീഫ് സെക്രട്ടറി മുഖേനയും ഇത്തരത്തിലൊരു മറുപടി നൽകരുതെന്ന് വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വീണ്ടും ഇത്തരം മറുപടി നൽകുന്നത് നിയമസഭാ സമിതിയോടുള്ള അവഹേളനമാണെന്ന് സമിതി വിലയിരുത്തുന്നു. ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പ് മേധാവികളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(vii) അതത് വർഷത്തെ കണക്കുകൾ അതത് വർഷം മാർച്ച് മാസത്തിൽ തന്നെ ഓഡിറ്റ് നടത്തണമെന്നുള്ള നിയമമുണ്ടായിരിക്കെ ഒരു വർഷത്തെ കണക്കുകൾ പൊതുയോഗത്തിൽ അഗീകാരം ലഭിച്ചില്ല എന്ന കാരണത്താൽ മറ്റ് വർഷങ്ങളിലെ ഓഡിറ്റ് സംബന്ധമായ നടപടി സ്വീകരിക്കാതിരിക്കുന്നത് ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പൂർത്തിയാക്കി യഥാസമയം വാർഷിക പൊതുയോഗത്തിൽ വയ്ക്കുന്നതിന് ഗവൺമെന്റ് 10-2-1992-ൽ 17070/ബി.പി.ഇ 2/91/എൽ.പി.ജി. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് വീഴ്ച വരുത്തുന്നവരുടെ

പേരിൽ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുള്ള കാര്യവും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. അതത് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ ഓഡിറ്ററെ നിയമിച്ചാൽ കാലതാമസം ഒരുപരിധിവരെ ഒഴിവാക്കാമെന്ന് സമിതി വിലയിരുത്തുകയും ഇക്കാര്യം വകുപ്പുദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഡിലേ ഒഴിവാക്കാൻ പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ എല്ലാ സ്ഥാപനങ്ങളും കൃത്യമായി പാലിക്കണമെന്നും പാലിക്കാത്തവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(viii) ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കവെ ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാതെ കാലതാമസം വരുത്തിയ കമ്പനിക്കുതന്നെ വീണ്ടും ഓഡിറ്റ് ചുമതല നൽകിയതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടുതൽ ശുഷ്കാന്തി കാണിക്കണമെന്നും ഓഡിറ്റ് യഥാസമയം പൂർത്തിയാക്കാത്ത കമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് മാറ്റാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ix) അക്കൗണ്ട്സ് ഫൈനലൈസ് ചെയ്യാനുള്ള കാലതാമസത്തിന് കാരണം സ്റ്റാഫിന്റെ കുറവാണെന്നും തെളിവെടുപ്പുവേളയിൽ സമിതി മനസ്സിലാക്കി. ഇന്റേണൽ ഓഡിറ്റിന് സ്റ്റാഫ് കുറവാണെങ്കിൽ ഓഡിറ്ററെ വച്ച് ഓഡിറ്റ് നടത്തണമെന്ന് സർക്കുലർ ഉണ്ട്. ഈ സർക്കുലർ കമ്പനികൾ പാലിക്കുന്നുണ്ടോ എന്ന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(x) ഗവൺമെന്റിന്റെ 7-11-1997-ലെ 19070/ബി.പി.ഇ 2/97/പി.എൽ.ജി./റ്റിവി.പി.എം. നമ്പർ സർക്കുലറിൽ ഇതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്റ്റാഫ് കുറവാണെങ്കിൽ കമ്പനി ചീഫ് എക്സിക്യൂട്ടീവിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓഡിറ്ററെ നിയമിച്ച് അക്കൗണ്ട്സ് പൂർത്തിയാക്കാനും ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കാനും വ്യവസ്ഥയുണ്ട്.

(xi) തെളിവെടുപ്പുവേളയിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ കുടിശ്ശികയുള്ള വാർഷിക റിപ്പോർട്ടുകളുടെയും കണക്കുകളുടെയും പൂർത്തീകരണം സംബന്ധിച്ചുള്ള ആക്ഷൻ പ്ലാൻ സമിതിയിൽ സമർപ്പിക്കുകയുണ്ടായി. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സെൽ ഉണ്ടെന്നും അവർ കമ്പനികളിൽപോയി നോക്കുന്നുണ്ടെന്നും ബാക്ക്‌ലോഗ് വന്നത് സ്പെഷ്യൽ അസിസ്റ്റൻസ് കൊടുത്ത് ചെയ്യുന്നുണ്ടെന്നും വ്യവസായ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ഈ മോണിറ്ററിംഗ് സെൽ ഫലപ്രദമായി പ്രവർത്തിക്കുകയാണെങ്കിൽ ആക്ഷൻ പ്ലാൻ അനുസരിച്ച് കുടിശ്ശികയുള്ള റിപ്പോർട്ടുകൾ പൂർത്തിയാക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു.

(xii) ബാക്ക്‌ലോഗ് നീക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ് കാലാകാലങ്ങളിൽ ഗൈഡ്‌ലൈൻസ് നൽകുന്നുണ്ട്. ഈ ഗൈഡ്‌ലൈൻസ് ഗവൺമെന്റ് സെക്രട്ടറിമാർ പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സിൽ നിന്നും ലഭ്യമാക്കി അതനുസരിച്ച് കാര്യങ്ങൾ നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക (i) മുതൽ (xii) വരെ]

<u>സ്വീകരിച്ച നടപടി</u>

**ടൂറിസം വകുപ്പ്**

4(ii). ടൂറിസം വകുപ്പിന് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനിയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ അക്കൗണ്ടന്റ് ജനറലിനും ധനകാര്യ വകുപ്പിനും ഒരേ സമയത്താണ് അയയ്ക്കുന്നത്. അതിനായി കമ്പനികളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്തിട്ടുണ്ട്.

4(iv). ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും ചേർത്താണ് ഡിലേ സ്റ്റേറ്റ്മെന്റ് നൽകിവരുന്നത്.

4(v). കമ്പനിയുടെ പുതിയ ഭേദഗതി അനുസരിച്ച് ഓഡിറ്ററെ നിയമിക്കുന്നതിനുള്ള അധികാരം കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിനാണ്. ആകയാൽ ടൂറിസത്തിന് കീഴിൽ വരുന്ന കോർപ്പറേഷനുകളിൽ ന്യായമായ ഓഡിറ്റ് ഫീസ് നിശ്ചയിച്ച് വരുന്നുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റർമാർക്ക് ഇതുവരെ പരാതി ഒന്നും ഉണ്ടായിട്ടില്ല.

4(ix).&(x). പൊതുമേഖലാ സ്ഥാപനമായ കെ.റ്റി.ഡി.സി.യിൽ സ്റ്റാഫിന്റെ അഭാവംമൂലം അതിന്റെ കുടിശ്ശിക വന്നിരിക്കുന്ന കണക്കുകൾ പൂർത്തീകരിക്കുന്ന ജോലി തിരുവനന്തപുരത്തുതന്നെയുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ ഏൽപ്പിച്ചിരിക്കുകയാണ്. കുടിശ്ശികയുള്ള കണക്കുകൾ പൂർത്തീകരിക്കുവാനും അവയുടെ ഓഡിറ്റിംഗ് എത്രയുംവേഗം തീർക്കുവാനും ആത്മാർത്ഥശ്രമം നടത്തിവരുന്നു.

**ആഭ്യന്തര വകുപ്പ്**

4(ii). ആഭ്യന്തര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമായ കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2002-03 വർഷം വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. ഇനി 2003-04 വർഷത്തെ വാർഷിക റിപ്പോർട്ട് മാത്രമെ കുടിശ്ശികയായി സമർപ്പിക്കാനുള്ളൂ. അതിന്റെ ഓഡിറ്റ് നടന്നുവരികയാണ്. ആയത് എത്രയും നേരത്തേ പൂർത്തിയാക്കി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയിൽ സമർപ്പിക്കുവാൻവേണ്ടി സർക്കാരിന് ലഭ്യമാക്കുവാൻ നിർദ്ദേശങ്ങൾ കോർപ്പറേഷന് സർക്കാർ നൽകിയിട്ടുണ്ട്.

## ധനകാര്യ വകുപ്പ്

4(vii). ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മാത്രമാണ്. ടി സ്ഥാപനത്തിന്റെ 2002-03 കാലയളവുവരെയുള്ള വാർഷിക റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സമിതി 6-ാമത് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുമുണ്ട്. ടി സ്ഥാപനത്തിലെ 2003-04 കാലയളവിലെ വാർഷിക റിപ്പോർട്ട് യഥാസമയം സമിതിക്ക് സമർപ്പിക്കാൻ, നിശ്ചിത സമയപരിധിക്ക് മുൻപുതന്നെ സർക്കാരിന് സമർപ്പിക്കാൻ ആവശ്യപ്പെടുകയും അക്കാര്യം സ്ഥാപനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്തു. തൽഫലമായി 2-8-2004-ൽ കെ.എഫ്.സി.യുടെ വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചു. 6-8-2004-ൽ വാർഷിക റിപ്പോർട്ടിന്റെ 150 കോപ്പികൾ 4-8-2004-ലെ 78065/പി.യു.എ 1/04/ധന. നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ്

### (കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ)

(1) ഈ കമ്പനിയുടെ കണക്കുകൾ യഥാസമയം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചുവരുന്നുണ്ട്.

(2) ഈ സ്ഥാപനത്തിലെ ഓഡിറ്റ് റിപ്പോർട്ട് കമന്റ്സിനു വേണ്ടി എ.ജി.ക്ക് അയയ്ക്കുന്നതോടൊപ്പംതന്നെ എല്ലാ വർഷവും ധനകാര്യ വകുപ്പിലേക്കും അയയ്ക്കുന്നുണ്ട്.

(3) ഈ സ്ഥാപനത്തിൽ തസ്തികകൾ ഒഴിവായതുകൊണ്ട് ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്ന പ്രശ്നം ഉദിച്ചിട്ടില്ല.

(4) വാർഷിക കണക്കുകൾ നൽകുന്ന അവസരത്തിൽ ഡിലേ സ്റ്റേറ്റ്മെന്റ് അതോടൊപ്പം അയയ്ക്കാറുണ്ട്. അതിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താറുണ്ട്. ഭാവിയിലും ആയത് ഉൾപ്പെടുത്തുന്നതാണ്.

(5) ഓഡിറ്റ് നടത്തുന്നവർ ഇടയ്ക്കിടെ ഫീസ് വർദ്ധനവ് ആവശ്യപ്പെടുന്നതുമൂലം ഓഡിറ്റ് വൈകുന്നതായി ഈ സ്ഥാപനത്തിൽ അനുഭവപ്പെട്ടിട്ടില്ല. കാലോചിതവും ന്യായവുമായ ഫീസ് വർദ്ധനവ് നാലോ അഞ്ചോ വർഷം കൂടുമ്പോൾ ഈ സ്ഥാപനത്തിൽ നിന്നും ബന്ധപ്പെട്ടവർക്ക് നൽകാറുണ്ട്.

(6) അഡ്മിനിസ്ട്രേറ്റീവ് റീസൺ കൊണ്ട് ഈ സ്ഥാപനത്തിലെ കണക്കുകൾ വൈകിയിട്ടില്ല.

(7) ഒരു വർഷത്തെ കണക്കുകൾക്ക് പൊതുയോഗത്തിന്റെ അംഗീകാരം ലഭിക്കാതെ ഓഡിറ്റർക്ക് അടുത്ത വർഷത്തെ കണക്കുകളിൽ ഒപ്പുവയ്ക്കാൻ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിൽ കണക്കുകൾ സമയബന്ധിതമായി അവർ പൂർത്തിയാക്കുന്നുണ്ട്. ഒപ്പുവയ്ക്കാൻ സാങ്കേതിക തടസ്സങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളൂ. അതത് സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് തന്നെ ഈ സ്ഥാപനത്തിൽ ഓഡിറ്ററെ നിയമിക്കാറുണ്ട്.

(8) ഈ സ്ഥാപനത്തിൽ അങ്ങനെ ഒരു വീഴ്ച വന്നിട്ടില്ല.

(9) ഈ സ്ഥാപനത്തിൽ ഓരോ വർഷവും ഇന്റേണൽ ഓഡിറ്ററായി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിക്കാറുണ്ട്.

(10) കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓഡിറ്ററെ നിയമിച്ച് അക്കൗണ്ട് പൂർത്തിയാക്കേണ്ട ആവശ്യം ഈ കമ്പനിയിൽ ഉണ്ടായിട്ടില്ല.

(11) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഒരു കമ്പനിയാണിത്.

(12) കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങൾ കമ്പനി നടപ്പിലാക്കാറുണ്ട്.

## ഊർജ്ജ വകുപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് 1948-ലെ ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട് അനുസരിച്ച് രൂപം കൊണ്ട സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. 1985-ലെ ഇലക്ട്രിസിറ്റി (സപ്ലൈ) (ആനുവൽ അക്കൗണ്ട്സ്) റൂൾസ് അനുസരിച്ച് കണക്കുകൾ തയ്യാറാക്കി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകുന്ന സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും സഹിതം ഓരോ വർഷത്തേയും കണക്കുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുകയാണ് പതിവ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് 1956-ലെ കമ്പനീസ് ആക്ടിന്റെ കീഴിൽ വരുന്നില്ല. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-04) യുടെ ആറാമത് റിപ്പോർട്ട് കമ്പനീസ് ആക്ട് 1956-ന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളെപ്പറ്റിയുള്ളതാണ്. എന്നിരുന്നാലും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ കണക്കുകൾ സംബന്ധിച്ച് 2000-01 മുതൽ 2002-03 വരെയുള്ള കണക്കുകളുടേയും ഓഡിറ്റിന്റേയും വിവരം താഴെ പ്രതിപാദിക്കുന്നു :

### 2000-01-ലെ അക്കൗണ്ട്സ്

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2000-01-ലെ ആനുവൽ അക്കൗണ്ട്സ് മേശപ്പുറത്തുവയ്ക്കുന്നതിനുവേണ്ടി നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം അയച്ചുകൊടുത്തിട്ടുണ്ട്.

2001-02-ലെ അക്കൗണ്ട്സ്

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2001-02-ലെ അക്കൗണ്ട്സിന്റെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കുകയും പ്രസ്തുത അക്കൗണ്ടിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് 29-3-2004-ൽ ബോർഡിന് നൽകുകയുമുണ്ടായി. പ്രസ്തുത ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി അക്കൗണ്ടന്റ് ജനറലിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ബോർഡ് പൂർത്തീകരിച്ചുവരുന്നു.

2002-03-ലെ അക്കൗണ്ട്സ്

15-12-2003-ൽ കൂടിയ ബോർഡ് യോഗത്തിൽ 2002-03-ലെ താൽക്കാലിക അക്കൗണ്ട്സ് അംഗീകരിക്കുകയും പ്രസ്തുത അക്കൗണ്ട്സ് അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി 1-1-2004 തീയതിയിൽ അയച്ചുകൊടുത്തിരുന്നു. അക്കൗണ്ടന്റ് ജനറൽ 6-2-2004-ൽ ആരംഭിച്ച ഓഡിറ്റ് പൂർത്തീകരിച്ച് ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ട് 26-4-2004-ൽ നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അതിനുള്ള മറുപടി അക്കൗണ്ടന്റ് ജനറലിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ബോർഡ് ഓഫീസിൽ നടന്നുവരുന്നു.

## കൃഷി (മൃഗസംരക്ഷണ) വകുപ്പ്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ (2001-2004) ആറാമത് റിപ്പോർട്ടിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച പുരോഗതി സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പാലിക്കപ്പെട്ടിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ പൂർത്തികരിക്കുന്നത് സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി താഴെപ്പറയുന്നു :

കേരള ഫീഡ്സ് ലിമിറ്റഡിന്റെ 2003-04 വരെയുള്ള വാർഷിക കണക്കുകളും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ 2000-01-ലെയും കെ.എൽ.ഡി. ബോർഡിന്റെ 1999-2000-ലെയും കെ.എസ്.പി.ഡി.സി.യുടെ 2002-03 വരെയുള്ള വാർഷിക കണക്കുകൾ നിയമസഭാ സമിതിക്ക് നൽകിയിട്ടുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ 2001-02-ലെയും കെ.എൽ.ഡി. ബോർഡിന്റെ 2000-01-ലെയും വാർഷിക കണക്കുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. താമസംവിനാ സമിതിക്ക് ലഭ്യമാക്കുന്നതാണ്.

## ഭക്ഷ്യ പൊതുവിതരണ വകുപ്പ്

## (കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ)

4(i). റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം ഉണ്ടാകുന്ന അവസരങ്ങളിൽ കോർപ്പറേഷൻ മേധാവികൾക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

4(ii). സമിതി നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഓഡിറ്റ് റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുമ്പോൾത്തന്നെ അതിന്റെ പകർപ്പ് ധനകാര്യ വകുപ്പിലേക്കും അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4(iii). ഓഡിറ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തികകൾ ഒഴിവ് വരുന്ന അവസരങ്ങളിൽ അധികാരം മറ്റാർക്കെങ്കിലും ഡെലിഗേറ്റ് ചെയ്തുകൊടുത്തുവരുന്നതാണ്.

4(iv). ഡിലേ സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ സമിതി ശിപാർശ ചെയ്തതുപോലെ വിശദാംശങ്ങൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

4(v). ഫീസ് കാലോചിതമായി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

4(vi). ഭാവിയിൽ വ്യക്തമായ മറുപടി നൽകുന്നതാണ്.

4(vii). കോർപ്പറേഷന്റെ ഓഡിറ്റ് ഒരു സാമ്പത്തികവർഷത്തെ മാത്രം കുടിശ്ശിക ഉള്ളതിനാൽ ഇക്കാര്യം ബാധകമല്ല.

4(viii). ഇപ്രകാരം കാലതാമസം ഉണ്ടാക്കുന്ന അവസരങ്ങളിൽ വേണ്ടനടപടി സ്വീകരിക്കുന്നതാണ്.

4(ix).&(x). ഓഡിറ്റുമായി ബന്ധപ്പെട്ട സ്റ്റാഫിന്റെ കുറവ് തീർക്കുവാൻവേണ്ടി ട്രെയിനിമാരെ നിയമിച്ചിട്ടുണ്ട്.

4(xi). കോർപ്പറേഷൻ ഭക്ഷ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

4(xii). കുടിശ്ശിക തീർക്കുന്നതിനുവേണ്ടി സർക്കാർ നൽകുന്ന ഗൈഡ്ലൈൻസ് കോർപ്പറേഷൻ പാലിക്കുന്നുണ്ട്.

**തൊഴിലും പുനരധിവാസവും വകുപ്പ്.**

4 (i) മുതൽ (x) വരെ 4(xii)

നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുവാനും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാനും തൊഴിലും പുനരധിവാസവും വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകൾക്കും ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശം നടപ്പിലാക്കുന്ന കാര്യം സസൂക്ഷ്മം പരിശോധിക്കാവുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

4(ii). വാർഷിക കണക്ക് ഡയറക്ടർ ബോർഡ് അംഗീകരിച്ചശേഷം ഓഡിറ്റ് റിപ്പോർട്ട് സഹിതം സപ്ലിമെന്ററി ഓഡിറ്റിന് കേരളാ അക്കൗണ്ടന്റ് ജനറലിനും ധനകാര്യ സെക്രട്ടറിയുടെ അഭിപ്രായത്തിനും ഒരേ സമയത്താണ് അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്.

4(iii). സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്.

4(iv). കണക്ക് തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ തീയതി സഹിതം ഡിലേ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെടുത്തിവരുന്നു.

4(v). 2000-01 വർഷം മുതൽ 2003-04 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെ നിയമിച്ചിട്ടുണ്ട്. ഓഡിറ്റേഴ്സിന്റെ വാർഷിക പ്രതിഫലം 15,000 രൂപയിൽ നിന്നും 25,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

4(vi). സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഡിലേ സ്റ്റേറ്റ്മെന്റിൽ കാലതാമസത്തിന് കാരണം അഡ്മിനിസ്ട്രേറ്റീവ് റീസൺ എന്നുപറയുന്നത് ഒഴിവാക്കുന്നതാണ്.

4(vii). സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണ്.

4(viii). സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് യഥാസമയം ഓഡിറ്റ് പൂർത്തിയാക്കുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെ നിയമിക്കുന്നത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആണ്.

4(ix). കുടിശ്ശികയുള്ള വാർഷിക കണക്കുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. സർക്കുലറിലെ നിബന്ധനകൾ പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

4(x). ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കുവാൻ ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിച്ചിട്ടുണ്ട്.

<u>സ്വീകരിച്ച നടപടി</u>

**വനം വകുപ്പ്**

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2001-2004)യുടെ ആറാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളിന്മേൽ ഈ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു :

കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2004-05 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ഇതിനകംതന്നെ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 1-6-1993 മുതൽ 29-5-2002 വരെ ലോക്കൗട്ട് ആയിരുന്നു. ലോക്കൗട്ട് കാലയളവിൽ കമ്പനിയിലെ ഫിനാൻസ് മാനേജർ, കമ്പനി സെക്രട്ടറി, പേഴ്സണൽ ഓഫീസർ, വർക്ക്സ് മാനേജർ തുടങ്ങിയ ജീവനക്കാർ മറ്റ് സ്ഥലങ്ങളിൽ ജോലി സമ്പാദിച്ച് കമ്പനിയിൽ നിന്നും വിടുതൽവാങ്ങി പോയി. പ്രസ്തുത സാഹചര്യത്തിൽ അവശേഷിച്ച ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ വർക്ക്സ് മാനേജരായി പ്രൊമോട്ട് ചെയ്തെങ്കിലും അദ്ദേഹവും കേരള സിറാമിക്സ് ആന്റ് ക്ലേ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായി നിയമനംനേടി മാറിപ്പോയി.

30-5-2002-ൽ കമ്പനി വീണ്ടും തുറന്നതിനുശേഷം ഒരു വർഷത്തേക്ക് പേഴ്സണൽ മാനേജർ, പ്രൊഡക്ഷൻ മാനേജർ, റോ മെറ്റീരിയൽ മാനേജർ, മാർക്കറ്റിംഗ് ആന്റ് സെയിൽസ് മാനേജർ എന്നീ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ സർക്കാർ അനുമതി നൽകി കരാർ അടിസ്ഥാനത്തിൽ ഒരു ജനറൽ മാനേജരെ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു. തുടർന്ന് അദ്ദേഹത്തിന് ആറുമാസത്തേക്ക് നീട്ടിക്കൊടുത്തു. പിന്നീട് അദ്ദേഹം രാജിവെച്ചുപോയി. ആയതിനുശേഷം കമ്പനിയിൽ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് കീഴിൽ ചാർജ്മാനും ഓഫീസ് സ്റ്റാഫും അല്ലാതെ മദ്ധ്യനിര ഓഫീസർമാർ ആരും ഉണ്ടായിരുന്നില്ല.

ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിമിത്തം ഫിനാൻസ് മാനേജരെയോ അക്കൗണ്ട്സ് ഉദ്യോഗസ്ഥരെയോ നിയമിക്കാൻ കഴിഞ്ഞില്ല. ശമ്പളം ലഭിക്കാത്തത് നിമിത്തം കമ്പനിയിലെ അക്കൗണ്ടസ് അസിസ്റ്റന്റുമാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് നിമിത്തവും ചിലർ രാജിവയ്ക്കുകയും ചെയ്തതിനാൽ കണക്കുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 1990-91, 1991-92 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ മെഡിക്കൽ ലീവിലിരിക്കുന്ന ശ്രീ. ഹരിഹരൻ എന്ന അക്കൗണ്ട്സ് അസിസ്റ്റന്റ്, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആയതിന്റെ പ്രിന്റിംഗ് നടപടികൾ പൂർത്തിയായശേഷം സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്നും കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 1992-93-ലെയും കണക്കുകൾ ഏകദേശം പൂർത്തിയായതായി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### ശിപാർശ

ഈ സമിതിയുടെ പരിശ്രമഫലമായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ, അവയുടെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും 2002-03 വരെ നൽകിയിട്ടുണ്ട് :

(1) ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ.

(2) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ.

(3) കേരളാ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്.

(4) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ.

(5) കേരളാ പവർ ഫിനാൻസ് കോർപ്പറേഷൻ.

(6) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്.

(7) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ.

(8) ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്.

(9) ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ്.

(10) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്.

(11) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(12) ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്.

(13) ടൂറിസ്റ്റ് റിസോർട്ട്സ് കേരളാ ലിമിറ്റഡ്.

(14) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

(15) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്.

(i) ഇവയിൽ പല സ്ഥാപനങ്ങളും ഈ സമിതിയുടെ കാലഘട്ടത്തിൽ 3-ഉം 4-ഉം റിപ്പോർട്ടുകൾ നൽകിയവയാണ്. ഇതിൽ സമിതി സന്തുഷ്ടി രേഖപ്പെടുത്തുകയും വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം പൂർത്തിയാക്കി നൽകുന്നതിന് കമ്പനി മേധാവികളും ഗവൺമെന്റും ശുഷ്കാന്തി കാണിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

[ഖണ്ഡിക 6(i) 15]

സ്വീകരിച്ച നടപടി

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടുകളും യഥാസമയംതന്നെ നിയമസഭ മുമ്പാകെ സമർപ്പിച്ചുവരുന്നു. റിഹാബിലിറ്റേഷൻസ് പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ 2006-07 വരെയുള്ള കാലയളവിലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടുകളും നിയമസഭാ സമിതിക്ക് നൽകിയിട്ടുണ്ട്. 2007-08 വർഷത്തെ റിപ്പോർട്ടുകൾ ഉടൻതന്നെ നിയമസഭയ്ക്ക് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ

താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2001-02 വരെയുള്ള റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട് :

(1) കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

(2) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്.

(3) കേരള ഫീഡ്സ് ലിമിറ്റഡ്.

(4) കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.

(5) കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്.

(6) കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ്.

(7) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ.

(8) ടെക്സ്റ്റയിൽ കോർപ്പറേഷൻ.

(9) കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ്.

(10) കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ.

(11) മലബാർ സിമന്റ്സ് ലിമിറ്റഡ്.

(12) സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ്.

(13) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.

(14) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(15) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(16) കേരളാ സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ.

(i) ടി സ്ഥാപനങ്ങളുടെ ഒരു വർഷത്തെ റിപ്പോർട്ട് മാത്രമേ കുടിശ്ശികയുള്ളൂ. റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ ജാഗ്രത കാണിച്ചതുകൊണ്ടാണ് ഇത്രത്തോളം നേട്ടം ഉണ്ടായത് എന്ന് സമിതി അഭിപ്രായപ്പെടുകയും 2002-03-ലെ റിപ്പോർട്ടുകൂടി സമർപ്പിച്ച് കുടിശ്ശിക തീർക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

[ഖണ്ഡിക 7(i)9]

സ്വീകരിച്ച നടപടി

നികുതി വകുപ്പിന്റെ കീഴിലുള്ള കെ.എസ്.എഫ്.ഇ. ലിമിറ്റഡിന്റെ 2005-06 വരെയുള്ള വാർഷിക റിപ്പോർട്ട് ശിപാർശ നമ്പർ 7(4) പ്രകാരം നിയമസഭയ്ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ കെ.എസ്.എഫ്.ഇ.യെ സംബന്ധിച്ച കുടിശ്ശികയൊന്നുംതന്നെ നിലവിലില്ല.

## ശിപാർശ

താഴെപ്പറയുന്ന സ്ഥാപനങ്ങൾ റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശ്ശികയാണ് :

(1) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1994-95 വരെ നൽകിയിട്ടുണ്ട്.

(2) വികലാംഗ ക്ഷേമ കോർപ്പറേഷൻ 1991-92 വരെ നൽകിയിട്ടുണ്ട്.

(3) വനിതാ വികസന കോർപ്പറേഷൻ 1994-95 വരെ നൽകിയിട്ടുണ്ട്.

(4) കരകൗശല വികസന കോർപ്പറേഷൻ 1997-98 വരെ നൽകിയിട്ടുണ്ട്.

(5) മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് 1996-97 വരെ നൽകിയിട്ടുണ്ട്.

(6) കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് 1994-95 വരെ നൽകിയിട്ടുണ്ട്.

(7) കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് 1989-90 വരെ നൽകിയിട്ടുണ്ട് (ഈ സ്ഥാപനം പ്രവർത്തനരഹിതമാണെങ്കിലും 1999-2000 വരെ അക്കൗണ്ട്സ് പൂർത്തിയാക്കിയിട്ടുണ്ട്).

(8) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1997-98 വരെ നൽകിയിട്ടുണ്ട്.

(9) കേരള സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ 1997-98 വരെ നൽകിയിട്ടുണ്ട്.

(10) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 1997-98 വരെ നൽകിയിട്ടുണ്ട്.

(11) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ 1998-99 വരെ നൽകിയിട്ടുണ്ട്.

(12) കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ 1996-97 വരെ നൽകിയിട്ടുണ്ട്.

(13) കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് 1998-99 വരെ നൽകിയിട്ടുണ്ട്.

(14) കയർ കോർപ്പറേഷൻ 1999-2000 വരെയുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് (3 വർഷം കുടിശ്ശികയാണെങ്കിലും ഈ സമിതി നിലവിൽ വന്നശേഷം 4 റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.)

(15) പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ 1998-99 വരെ നൽകിയിട്ടുണ്ട്.

(16) കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ 1999-2000 വരെ നൽകിയിട്ടുണ്ട്.

(17) കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 1998-99 വരെ നൽകിയിട്ടുണ്ട്.

ഇതിൽ നിന്നും വ്യക്തമാകുന്നത് പല സ്ഥാപനങ്ങളും ഓഡിറ്റ്/അക്കൗണ്ട്സ് പൂർത്തിയാക്കിയെങ്കിൽപ്പോലും യഥാസമയം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്നില്ല എന്നാണ്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി കരുതുന്നു. കുടിശ്ശികയുള്ള റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

[ഖണ്ഡിക 8(7)15]

<u>സ്വീകരിച്ച നടപടി</u>

8(15). മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ (2001-2004) ആറാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളിന്മേൽ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തിയ സ്ഥാപനങ്ങളുടെ പട്ടികയിൽ 15-ാമത് ഇനമായ കേരള സംസ്ഥാന് പിന്നോക്കവിഭാഗ് വികസന കോർപ്പറേഷനെ സംബന്ധിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്.

(1) ഈ കോർപ്പറേഷൻ 1998-99 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(2) 1990-2000-ലെ കണക്കുകളുടെ ഓഡിറ്റ് നടന്നുവരികയാണ്. കാലതാമസമില്ലാതെ ഇവ സമർപ്പിക്കുവാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്.

(3) 2000-01 മുതലുള്ള കണക്കുകൾ പൂർത്തീകരിക്കുവാൻ ഔട്ട്സോഴ്സ് ചെയ്യുവാനുള്ള നടപടികൾ കോർപ്പറേഷനിൽ നടന്നുവരുന്നുണ്ട്. 2004 മാർച്ച് 29-ലെ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം ഈ കണക്കുകൾ പൂർത്തീകരിക്കുവാനും ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനങ്ങളുടെ താൽപ്പര്യം ആരായുവാനും അതിനുവേണ്ട പ്രാഥമിക ചർച്ചകൾ കോർപ്പറേഷനും നടത്തുകയുണ്ടായി. ഇപ്രകാരം താത്പര്യം പ്രകടിപ്പിച്ച സ്ഥാപനങ്ങളുടെ വിവരങ്ങളും അവർ ആഗ്രഹിക്കുന്ന പ്രതിഫലവും ബോർഡ് തീരുമാനിച്ച കമ്മിറ്റിയുടെ മുന്നിൽ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാനിക്കുന്ന സ്ഥാപനത്തിന് ഈ ജോലി നൽകുവാനുമുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ജോലി സ്വീകരിച്ച് ആറുമാസത്തിനകം കണക്കുകൾ പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

**ഗതാഗത വകുപ്പ്**

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടിന്റെ അനുബന്ധത്തിൽ കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് കണക്കുകളുടെ കാലാവധി 2001-02 എന്നും കണക്കുകൾ പൂർത്തീകരിച്ച വർഷം 2002-03 എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ 2001-02-ലെ കണക്കുകൾ പൂർത്തീകരിച്ച് സമിതിക്ക് അയച്ച്

കഴിഞ്ഞതായും 2002-03-ലെ കണക്കുകൾ ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഖണ്ഡിക 7, 8 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് സമർപ്പിച്ചത് | കുടിശ്ശിക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2013-14 | |
| 2 | കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് | 2001-02 | 2002-03 മുതൽ |
| 3 | കേരള ഫീഡ്സ് ലിമിറ്റഡ് | 2011-12 | 2012-13 മുതൽ |
| 4 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | 2012-13 | 2013-14 |
| 5 | കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ് | 2007-08 | 2008-09 മുതൽ |
| 6 | കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ് | 2007-08 | 2008-09 മുതൽ |
| 7 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ | 2013-14 | 2014-15 |
| 8 | കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ | 2012-13 | 2013-14 |
| 9 | കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ | 2014-15 | |
| 10 | കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ | 2012-13 | 2013-14 |
| 11 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2011-12 | 2012-13 മുതൽ |
| 12 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് | 2012-13 | 2013-14 |
| 13 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 2013-14 | |
| 14 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2002-03 | 2003-04 മുതൽ |
| 15 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2012-13 | 2013-14 |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | കേരളാ സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 2013-14 | 2014-15 |
| 17 | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | 2009-10 | 2010-11 മുതൽ |
| 18 | വികലാംഗ ക്ഷേമ കോർപ്പറേഷൻ | 2003-04 | 2004-05 മുതൽ |
| 19 | വനിതാ വികസന കോർപ്പറേഷൻ | 2011-12 വരെ | 2007-08, 2008-09, 2012-13, 2013-14 |
| 20 | കരകൗശല വികസന കോർപ്പറേഷൻ | 2011-12 | 2012-13 മുതൽ |
| 21 | മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | റിപ്പോർട്ട് ലഭിക്കുന്നില്ല | |
| 22 | കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് | 1995-96 | 1996-97 മുതൽ |
| 23 | കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് | 1991-92 | 1992-93 മുതൽ |
| 24 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2012-13 | 2013-14 |
| 25 | കേരള സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ | 2013-14 | |
| 26 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 2012-13 | 2009-10 മുതൽ 2011-12 വരെ, 2013-14 |
| 27 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ | 2009-10 | 2010-11 മുതൽ |
| 28 | കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 2010-11 | 2011-12 മുതൽ |
| 29 | കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് | 2011-12 | 2012-13 മുതൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | കയർ കോർപ്പറേഷൻ | 2008-09 | 2009-10 മുതൽ |
| 31 | പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ | 2012-13 | 2007-08, 2009-10, 2013-14 |
| 32 | കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ | 2010-11 | 2011-12 മുതൽ |
| 33 | കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2011-12 | 2012-13 മുതൽ |

## ഭാഗം II

## സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തവ ചുവടെ ചേർക്കുന്നു :

### ശിപാർശ

### സീതാറാം ടെക്സ്റ്റയിൽസ്

സീതാറാം ടെക്സ്റ്റൈൽസിന്റെ 1994-95-ലെ വാർഷിക റിപ്പോർട്ട് 22-10-1998-ൽ സമിതിക്ക് ലഭിച്ചു. ഈ സ്ഥാപനത്തിന്റെ 8 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായിരുന്നത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ടവരെ 22-10-2003-ൽ തെളിവെടുപ്പിന് വിളിച്ചു. എന്നാൽ, തെളിവെടുപ്പിന് തൊട്ടുമുൻപ് ഈ സ്ഥാപനത്തിന്റെ കുടിശ്ശികയുള്ള 6 വർഷത്തെ റിപ്പോർട്ടുകൾ ഒരുമിച്ച് സമിതിക്ക് ലഭിച്ചു. 1995-96 മുതൽ 2000-2001 വരെയുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ യഥാക്രമം 19-12-1998, 27-7-1999, 19-7-2000, 1-10-2001, 26-9-2002, 8-10-2003 എന്നീ തീയതികളിൽ ഗവൺമെന്റിൽ സമർപ്പിച്ചതാണ്. എന്നാൽ, സമിതിക്ക് ലഭിച്ചത് 18-10-2003-ൽ മാത്രമാണ്.

ഗവൺമെന്റിൽ സമർപ്പിച്ച റിപ്പോർട്ട് നിയമസഭയിൽ നൽകാൻ അഞ്ചും ആറും വർഷം എടുക്കുന്നതെന്തുകൊണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ഡിപ്പാർട്ട്മെന്റിൽ ഒരു റീഓർഗനൈസേഷൻ വേണ്ടിവന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് വ്യവസായ വകുപ്പ് സെക്രട്ടറി തെളിവെടുപ്പുവേളയിൽ മറുപടി നൽകി. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന്റെ ഗൗരവം ഉൾക്കൊള്ളാതെ ഇത്തരം അനാസ്ഥ നീതികരിക്കാവുന്നതല്ലെന്നും ബന്ധപ്പെട്ടവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടാണ്

ഇത്തരത്തിലുള്ള കാലതാമസം ഉണ്ടാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരം കാലതാമസം ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക 2(i)(ii)]

<u>ശിപാർശ</u>

ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചുകൊണ്ടിരുന്നതും ഇപ്പോൾ സമർപ്പിക്കാതിരിക്കുന്നതുമായ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ 2002 ജൂലായ് 30-ാം തീയതി സമർപ്പിച്ച ഈ സമിതിയുടെ ഒന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും കുടിശ്ശിക റിപ്പോർട്ടുകളൊന്നും ഇതുവരെയും സമർപ്പിക്കപ്പെട്ടിട്ടില്ല :

(1) ഗുരുവായൂർ ദേവസ്വം (ഭരണ റിപ്പോർട്ട്) : 1994-ന് ശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

(2) കൂടൽമാണിക്യം ദേവസ്വം (ഭരണ റിപ്പോർട്ട്) : 1991-ന് ശേഷമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

(i) റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് വ്യക്തമായ വ്യവസ്ഥകൾ ഉണ്ടെങ്കിലും മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കുറ്റകരമായ അലംഭാവം കാണിക്കുന്നുണ്ടെന്ന് സമിതിക്ക് ബോധ്യമായി. ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും എത്രയും പെട്ടെന്ന് റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

[ഖണ്ഡിക (i)(1)(2)]

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 8.

അനുബന്ധം

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് (ഇതുവരെ ലഭിച്ചത്) | കുടിശ്ശിക |
|---|---|---|---|
| 1 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2013-14 | 2014-15 |
| 2 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2013-14 | 2014-15 |
| 3 | കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2013-14 | 2014-15 |
| 4 | കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | 2013-14 മുതൽ |
| 5 | വനിതാ കമ്മീഷൻ | 2013-14 | 2014-15 |
| 6 | കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2009-10 | 2010-11 മുതൽ |
| 7 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2003-04 | 2004-05 മുതൽ |
| 8 | റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2012-13 | 2013-14 മുതൽ |
| 9 | ഗുരുവായൂർ ദേവസ്വം | 2012, 2013 (ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല) | 2014 മുതൽ |
| 10 | കൂടൽമാണിക്യം ദേവസ്വം | 2007-ന് ശേഷം റിപ്പോർട്ട് ലഭിച്ചിട്ടില്ല | .. |
| 11 | സ്റ്റേറ്റ് എഡ്യൂക്കേഷണൽ അഡ്വൈസറി ബോർഡ് | ഇപ്പോൾ റിപ്പോർട്ട് ലഭ്യമാകുന്നില്ല | |
| 12 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | 2011-12 | 2012-13 മുതൽ |